ഭരണഭാഷ — മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം- ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം- ജീവനകാര്യം- ഇൻസ്പെക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾസ്- തസ്തിക മാറ്റ നിയമനം നൽകി- ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (സി ) വിഭാഗം**

**നം. DTETVM/3213/2025-EC2 (EC)** **തിരുവനന്തപുരം, തീയതി: 11-06-2026**

---

വായന:- 1. G.O.(P) No.366/2010/H.edn, dated 08.11.2010

2. Notification Select List EG1/3300/2025-EG1.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കോതമംഗലത്തു പ്രവർത്തിക്കുന്ന മേഖലാ കാര്യാലയത്തിൽ ഇൻസ്പെക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾസ് തസ്തികയിൽ നിയമിക്കുന്നതിനായി പരാമർശം (2) പ്രകാരം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ടി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട മാനന്തവാടി ടെക്നിക്കൽ ഹൈസ്കൂൾ എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ ശ്രീ. സുധീർ എ.പി (പെൻ നം. 395735)-ക്ക് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, റൂൾ 3(C), റൂൾ 9 (a) (i) എന്നിവയ്ക്ക് വിധേയമായി ₹50200 - 105300 രൂപ ശമ്പള നിരക്കിൽ ഇൻസ്പെക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾസ് തസ്തികയിലേക്ക് നിയമനം നൽകി കോതമംഗലം മേഖലാ കാര്യാലയത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് തുടർന്നുള്ള പരിശോധനയിൽ തെളിയുന്ന മുറയ്ക്കു മാത്രമേ ഉദ്യോഗാർത്ഥി ടി നിയമനം ക്രമീകരിക്കപ്പെടുന്നതിന് അർഹത നേടുകയുള്ളൂ. സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് കാണുന്ന പക്ഷം, വായന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം യാതൊരു അറിയിപ്പും കൂടാതെ ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

ANI ABRAHAM

SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ജോയിന്റ് ഡയറക്ടർ, സാങ്കേതിക വിദ്ധ്യാഭ്യാസ വകുപ്പ് മേഖലാ കാര്യാലയം, കോതമംഗലം
2. ശ്രീ. സുധീർ എ പി, ഇൻസ്ട്രക്ടർ മെക്കാനിക്കൽ എഞ്ചിനീയറിംഗ്
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
4. ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
5. ഇ-ഓഫീസ് സ്റ്റോക്ക് ഫയൽ



File No. DTETVM/3213/2025-EC2 (EC) (Computer No. 171238)

Generated from eOffice by Albinraj S S, EC2 (EC)DTE, EC2 (EC) DTE, DIRECTORATE OF TECHNICAL EDUCATION on 15/06/2026 01:45 PM